# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2292 — 18.12.2012- ൽ മറുപടിക്ക്

**ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ :<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:<br>ശ്രീ. റ്റി.വി. രാജേഷ്:<br>ശ്രീ. എം. ചന്ദ്രൻ: | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണ സമിതിയിലേക്ക് തെരഞ്ഞെടുപ്പ് നടത്താനുള്ള ക്രമീകരണങ്ങൾ വിശദമാക്കാമോ; തെരഞ്ഞെടുപ്പിലെ വോട്ടവകാശം സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ; | എ) കേരള സഹകരണ സംഘം നിയമം (ഭേദഗതി) 2012 (2012-ലെ 13-ാം ആക്റ്റ്) പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിലെ അംഗത്വത്തെ പ്രതിപാദിക്കുന്ന വകുപ്പ് 2i(ia), വകുപ്പ് 28 എന്നിവയിൽ ഉടൻ പ്രാബല്യത്തിൽ വരത്തക്ക വിധത്തിൽ നിയമാവലി നിയമഭേദഗതി വരുത്തുകയുണ്ടായി. ആയതു പ്രകാരം 10.12.2007 വരെ ജില്ലാ സഹകരണ ബാങ്കുകളിൽ അംഗത്വം ഉണ്ടായിരുന്ന എല്ലാ സഹകരണ സംഘങ്ങൾക്കും നിലവിൽ വോട്ടവകാശം ലഭിച്ചിട്ടുണ്ട്.<br>പ്രസ്തുത ഭേദഗതി പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിലെ നിയമാവലിയിൽ ഭേദഗതി വരുത്തുന്നതിന് പൊതുയോഗം വിളിച്ചു കൂട്ടി ഭരണ സമിതി അംഗത്വം സംബന്ധിച്ച നിയമാവലി വ്യവസ്ഥകൾ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കേണ്ടുന്നതിലേക്ക് നിർദ്ദേശം നൽകിയതിനെ തുടർന്ന് എല്ലാ ജില്ലാ സഹകരണ ബാങ്കുകളും നിയമാനുസൃതം പൊതുയോഗം വിളിച്ചു കൂട്ടുകയും ടി പൊതുയോഗം അംഗീകരിച്ച ബൈലോ ഭേദഗതി വ്യവസ്ഥകൾ സഹകരണ സംഘം രജിസ്ട്രാർ, രജിസ്റ്റർ ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പാർട്ട്ടൈം അഡ്മിനിസ്ട്രേറ്റർ/ജോയിന്റ് രജിസ്ട്രാർ (ജനറൽ)-മാർ/കൺവീനർ, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള തീരുമാന മെടുത്ത് തുടർ നടപടികൾ കൈക്കൊണ്ട് വരികയാണ്. |
| ബി) സഹകരണ നിയമ ഭേദഗതിയനുസരിച്ച് ജില്ലാ ബാങ്കുകളുടെ ബൈലോ ഭേദഗതി ചെയ്യുന്നതിന് ജനറൽബോഡികൾ വിളിച്ച ചേർത്ത് അംഗീകാരം നേടുകയുണ്ടായോ; | ബി) സഹകരണ നിയമ ഭേദഗതി അനുസരിച്ച് ജില്ലാ ബാങ്കുകളുടെ ബൈലോ ഭേദഗതി ചെയ്യുന്നതിന് ജനറൽ ബോഡികൾ വിളിച്ച ചേർത്ത് നിയമാവലി വ്യവസ്ഥകൾ ഭേദഗതി വരുത്തുവാൻ പൊതുയോഗത്തിന്റെ അംഗീകാരം നേടിയിട്ടുണ്ട്. |

| | | |
|---|---|---|
| സി) | പ്രസ്തുത ജനറൽബോഡിയിൽ നിലവിൽ അംഗങ്ങളല്ലാത്ത സംഘങ്ങളുടെ പ്രതിനിധികളെയും വിളിച്ചുചേർക്കുകയുണ്ടായോ; ഇത് നിയമാനുസൃതമാണോ എന്ന് വ്യക്തമാക്കാമോ; | സി) കേരള സഹകരണ സംഘം നിയമം (ഭേദഗതി) 2012 (2012-ലെ 13-ാം ആക്ട്) അനുസരിച്ച് അംഗത്വം ലഭിച്ച സംഘപ്രതിനിധികളെ മാത്രമാണ് പൊതുയോഗത്തിന് വിളിച്ചു ചേർക്കുകയുണ്ടായിട്ടുള്ളത്. |
| ഡി) | ഓരോ ജില്ലാ ബാങ്കിലും ഏത് തീയതി വരെ അംഗത്വം ലഭിച്ച വോട്ടവകാശമുള്ള എത്ര അംഗങ്ങൾ വീതം ഉണ്ടാകുമെന്നും മുമ്പുണ്ടായിരുന്ന വായ്പാ സംഘങ്ങളുടെ എണ്ണം എത്രയായിരുന്നുവെന്നും വിശദമാക്കാമോ? | ഡി) 10.12.2007 വരെ ജില്ലാ സഹകരണ ബാങ്കുകളിൽ അംഗത്വം ഉണ്ടായിരുന്ന സംഘങ്ങൾക്ക് 2012-ലെ 13-ാം നിയമഭേദഗതി പ്രകാരം വോട്ടവകാശം ലഭിച്ചിട്ടുണ്ട്. ആയതു പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിന് വേണ്ടി ഇലക്ടറൽ ഓഫീസറെ നിയമിച്ചു തരുന്നതിന് എല്ലാ ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിനു മേൽ നടപടിക്രമങ്ങൾ നടന്നു വരികയാണ്. ഇലക്ടറൽ ഓഫീസറുടെ തീരുമാനത്തിനു വിധേയമായി മാത്രമേ വോട്ടവകാശമുള്ള എത്ര അംഗങ്ങൾ ഉണ്ടാകും എന്നത് നിജപ്പെടുത്താനാകൂ. മുൻപുണ്ടായിരുന്ന വായ്പാ സംഘങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | മുമ്പുണ്ടായിരുന്ന വായ്പ സംഘങ്ങൾ |
|---|---|
| തിരുവനന്തപുരം | 121 |
| കൊല്ലം | 128 |
| പത്തനംതിട്ട | 107 |
| ആലപ്പുഴ | 185 |
| കോട്ടയം | 146 |
| എറണാകുളം | 163 |
| ഇടുക്കി | 75 |
| തൃശ്ശൂർ | 161 |
| പാലക്കാട് | 99 |
| മലപ്പുറം | 127 |
| കോഴിക്കോട് | 112 |
| വയനാട് | 34 |
| കണ്ണൂർ | 143 |
| കാസർഗോഡ് | 65 |

സെക്ഷൻ ഓഫീസർ